(ജെ) നിലവിലുള്ള 82 പേരിൽ 32 പേർ നിശ്ചിത ശതമാനത്തിൽ കൂടുതലാണ്. പി.എസ്.സി. മുഖേന നിയമിക്കപ്പെട്ട റെയിഞ്ചർമാർ ഒരു വർഷത്തെ പരിശീലനം കഴിഞ്ഞ് തിരികെ പ്രവേശിക്കുന്നതുവരെ മാത്രമാണ് ഈ താൽക്കാലിക വർദ്ധനവ് ഉണ്ടാവുക. റെയിഞ്ചർമാർ പരിശീലനം കഴിഞ്ഞ് സർവ്വീസിൽ പ്രവേശിക്കുമ്പോൾ ഇവരെ തരംതാഴ്ത്തുകയും ചെയ്യും.

പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ്

85(1908) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ് പണിയുന്നതിന് 1984-ൽ 8 ഏക്കർ 50 സെന്റ് സ്ഥലം പൊന്നും വിലയ്ക്ക് എടുത്ത് പണി ആരംഭിച്ചിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനും ആവശ്യമായ പണികൾ ചെയ്യുന്നതിനും ഈ ഭൂമി സംരക്ഷിക്കുന്നതിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക്ഷോപ്പും മറ്റ് അനുബന്ധ പണികളും ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ ജോലികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

കെ.ടി.ഡി.എഫ്.സി.യുടെ പണം ഇടപാടുകൾ

86(1909)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും പണം ഇടപാട് നടത്തുവാൻ കെ.ടി.ഡി.എഫ്.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിന് ഗതാഗത വകുപ്പുമന്ത്രിയുടെ അനുമതിയോ അറിവോ ഉണ്ടായിരുന്നുവോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(ഡി) കെ.ടി.ഡി.എഫ്.സി. ഡയറക്ടർ ബോർഡ് പ്രസ്തുത പണമിടപാട് തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുകൂടിയ യോഗമാണ് അംഗീകാരം നൽകിയത്;

(ഇ) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏജൻസിക്ക് പണം വിതരണം ചെയ്യുവാനുള്ള ഷെഡ്യൂളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുവാനുള്ള നിർദ്ദേശം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly